DESPATCHED
On. 18.10.22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 814(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 9595/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
**തീയതി : 2022 ഒക്ടോബർ 14**

ശ്രീ. ജയിക്കബ് മാത്യു
വടക്കേൽ വീട്,
വടകോട് പി.ഒ.
ഈസ്റ്റ് എൻഡ് കൊച്ചി,
കങ്ങരപ്പടി, കൊച്ചി - 682021.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് രജിസ്ട്രാർ,
സബ് രജിസ്ട്രാർ ഓഫീസ്,
മാരാരികുളം.

2) അപ്പീൽ അധികാരി &
ജില്ലാ രജിസ്ട്രാർ(ജനറൽ),
സബ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
ആലപ്പുഴ - 688 001.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/05/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 12/10/2022 -വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജയിക്കബ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ല എന്നും ആയതിനാൽ

ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി തരുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 25.04.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 2021/4/1 നമ്പരായി ശ്രീമതി ലാലി ജോസഫ് പേർക്ക് ശ്രീ. എം.ടി. മാത്യു രജിസ്റ്റർ ചെയ്ത് കൊടുത്ത് മുക്ത്യാറിനെ സംബന്ധിച്ച 1 മുതൽ 5 വരെയുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.04.2022 തീയതി ഒന്നാം എതിർകക്ഷി ഒരു ഇടക്കാല മറുപടി നൽകിയതായി കാണുന്നു. ആയതിൽ പ്രസ്താവിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി മുക്ത്യാർ എഴുതിക്കൊടുത്ത് കക്ഷിക്കും എഴുതിക്കിട്ടിയ കക്ഷിക്കും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 10 ദിവസത്തിനകം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസുകൾ അയച്ചിട്ടുള്ളതാണെന്നുമാണ്. 09.05.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ സമർപ്പിച്ച അപേക്ഷ പ്രകാരം മുക്ത്യാർ സംബന്ധമായ വിവരങ്ങൾ നൽകുന്നതിന് സമ്മതമല്ലെന്ന് മുക്ത്യാർ ലഭിച്ച കക്ഷി ശ്രീമതി ലാലി ജോസഫ് രേഖാമൂലം അറിയിച്ചിട്ടുള്ളതിനാൽ വിവരങ്ങൾ നൽകുവാൻ സാധിക്കുകയില്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 03.05.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 30.5.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീ. ജയിക്കബ് മാത്യു, എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് 2021-ലെ നാലാം പുസ്തകത്തിലെ ഒന്നാം നമ്പരായി മൂന്നാംകക്ഷി രജിസ്റ്റർ ചെയ്തിട്ടുള്ള മുക്ത്യാർ ആധാരത്തിന്റെ പകർപ്പാണ്. അപ്പീൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ ഇ-മെയിൽ മുഖാന്തിരം സമർപ്പിച്ച വിശദീകരണങ്ങളും എസ്.പി.ഐ.ഒ. ആയ മാരാരിക്കുളം സബ് രജിസ്ട്രാർ സമർപ്പിച്ചിട്ടുള്ള രേഖകളും സൂക്ഷ്മമായി പരിശോധിച്ചു. ഹർജിക്കാരന്റെ അപേക്ഷ ലഭ്യമായതിനെ തുടർന്ന് ആവശ്യപ്പെട്ടിരിക്കുന്ന വിവരം മൂന്നാംകക്ഷിയുമായി ബന്ധപ്പെട്ടതാകയാൽ വിവരാവകാശ നിയമം സെക്ഷൻ 11(1) പ്രകാരവും ബഹു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ആർ.ആർ.514310/2006 നമ്പർ ഉത്തരവ് മാനിച്ചും ശ്രീമതി ലാലി ജോസഫിനോട് വിവരം നൽകുന്നതിന് സമ്മതമാണോ എന്ന് അഭിപ്രായം തേടിയതായും എന്നാൽ ലാലി ജോസഫ് ആയതിന് സമ്മതം നൽകിയിട്ടില്ല എന്നും എസ്.പി.ഐ.ഒ. സമർപ്പിച്ചിട്ടുള്ള ലാലി ജോസഫിന്റെ കത്തിൽ നിന്നും മനസ്സിലാകുന്നു. ഹർജിക്കാരന്റെ വിശദീകരണവും അപേക്ഷയും പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയിൽ പ്രതിപാദിക്കുന്ന വിവരം ടിയാന്റെ ജീവനെയോ സ്വാതന്ത്ര്യത്തെയോ എപ്രകാരം ബാധിക്കുന്നു എന്നത്

സ്ഥാപിക്കപ്പെടുന്നില്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ പരിധിയിൽപ്പെടുന്നതല്ല എന്നും, മാരാരിക്കുളം സബ് രജിസ്ട്രാറുടെ നടപടി വിവരാവകാശ നിയമം സെക്ഷൻ 11(1), ബഹു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നിർദ്ദേശം ഇവയുടെ അടിസ്ഥാനത്തിൽ ശരിയെന്ന് കണ്ട് അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജേക്കബ് മാത്യു വിവരാവകാശ നിയമപ്രകാരം ടി ആഫീസിൽ I/IV/2021 നമ്പർ മുക്ത്യാറിന്റെ പകർപ്പ് ആവശ്യപ്പെട്ടിരുന്നു എന്നും ആയത് രജിസ്ട്രേഷൻ ആക്ട് 1908 സെക്ഷൻ 57(3) പ്രകാരം ബുക്ക് 4-ൽ രജിസ്റ്റർ ചെയ്യുന്ന മുക്ത്യാറിന്റെ പകർപ്പ് മുക്ത്യാർ എഴുതി കൊടുത്ത ആളിനോ കിട്ടിയ ആളിനോ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന ഏജന്റിനോ മാത്രമാണ് നൽകുവാൻ സാധിക്കുന്നതെന്നും ആയതിനാൽ മുക്ത്യാർ എഴുതി കൊടുത്ത ആളിനും കിട്ടിയ ആളിനും ആക്ഷേപമുണ്ടെങ്കിൽ ആയത് 10 ദിവസത്തിനുള്ളിൽ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് അയക്കുകയും ടി വിവരങ്ങൾ കൈമാറാൻ സമ്മതമല്ല എന്ന് ശ്രീമതി ലാലി ജോസഫ് അറിയിക്കുകയുണ്ടായി. മുക്ത്യാർ കക്ഷി വിസമ്മതം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വിവരങ്ങൾ നൽകാൻ കഴിയില്ല എന്ന് കാണിച്ച് ശ്രീ. ജയിക്കബ് മാത്യുവിന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. അപ്പീൽ അധികാരിയിൽ നിന്നും ശ്രീ. ജേക്കബ് മാത്യുവിന്റെ വിവരാവകാശ അപേക്ഷ സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതുപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാകുന്നു. രജിസ്ട്രേഷൻ നിയമം 57(3) വകുപ്പ് പ്രകാരം 4-ാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുക്ത്യാർ അധികാരിയോ ഏജന്റോ അല്ലാത്ത ഒരു മൂന്നാം പാർട്ടി ആയ അപേക്ഷകന് നൽകുന്നതിന് നിയമം അനുവദിക്കുന്നില്ല എന്ന വസ്തുത പരിഗണിച്ചും, ബഹു. സുപ്രീം കോടതിയുടെ Chief Information Commissioner *Vs* High Court of Gujarath and another കേസിൽ വിവരിച്ചിട്ടുള്ള വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം പൊതുതാത്പ്പര്യമുള്ള വിഷയമല്ലാത്തതിനാലും ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാകയാലും മാത്രമാണ് അപേക്ഷ നിരസിക്കാനിടയായതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരനേയും എതിർകക്ഷിയേയും നേരിൽ കേട്ട വേളയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മൂന്നാംകക്ഷിയുമായി ബന്ധപ്പെട്ട വിവരങ്ങളായതിനാൽ വിവരാവകാശ നിയമം 7(1) വകുപ്പുപ്രകാരം നൽകാൻ കഴിയില്ലെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഇക്കാര്യം കമ്മീഷൻ

അംഗീകരിക്കുന്നുണ്ടെന്നും, എന്നാൽ ഹർജിക്കാരന്റെ അവകാശത്തെ നിഷേധിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഹർജിക്കാരന് രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരവസരം നൽകാൻ അപ്പീൽ അധികാരിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 14-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM